LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പയ്യന്നൂർ നഗരസഭ (മുനിസിപ്പാലിറ്റി)യിൽ UIDSSMT പദ്ധതി പ്രകാരം കുടിവെള്ളമെത്തിക്കുവാനുള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ കം പമ്പ് ഹൗസ് ഒഴിച്ച് മറ്റ് ഘടകങ്ങൾ പൂർത്തിയായി. വിതരണ ശൃംഖലയുടെ ബാക്കി പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. ഇൻടേക്ക് വെൽ കം പമ്പ് ഹൗസിന്റെ പ്രവൃത്തി പ്രദേശവാസികളുടെ എതിർപ്പുമൂലം ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) UIDSSMT പദ്ധതി പ്രകാരമുള്ള പദ്ധതിക്ക് തടയണ നിർമ്മാണവും ഇൻടേക്ക് വെല്ലിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളും നീങ്ങിയാൽ മാത്രമേ പദ്ധതി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ജനങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിന് താൽക്കാലികമായ പരിഹാരമെന്ന നിലയിൽ പ്രസ്തുത പദ്ധതി ജിക്ക പട്ടുവം കുടിവെള്ള പദ്ധതിയുമായി ബന്ധിപ്പിച്ച് ജലവിതരണം ആരംഭിക്കുവാനാവശ്യമായ ട്രയൽ റൺ നടന്നുവരുന്നു. വിതരണ ശൃംഖലയുടെ ബാക്കി ഭാഗത്തിന്റെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2016 ജനുവരി മാസം അവസാനത്തോടെ പ്രസ്തുത പ്രവൃത്തി കമ്മീഷൻ ചെയ്യുവാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നതാണ്.

സെൻട്രൽ പബ്ലിക് ഹെൽത്ത് & എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷന്റെ മാനദണ്ഡങ്ങൾ

209(2678) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണ പദ്ധതികളിൽ കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ച് എത്ര ജീവനക്കാർ വേണമെന്നതിനെപറ്റി CPHEEO (സെൻട്രൽ പബ്ളിക് ഹെൽത്ത്&എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡമനുസരിച്ച് ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ അധികാരപരിധിയിൽ പരമാവധി എത്ര വാട്ടർ കണക്ഷൻ വരെ ആകാമെന്ന് വ്യക്തമാക്കുമോ ;

GPM. 2/242/2020-40

(സി) പ്രസ്തുത മാനദണ്ഡമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ ആണോ വാട്ടർ അതോറിറ്റിയിൽ നിലവിലുള്ളത്;

(ഡി) തിരുവനന്തപുരം പി.എച്ച്. ഡിവിഷന് കീഴിൽ ഓരോ സെക്ഷൻ ഓഫീസിന്റെയും പരിധിയിൽ എത്ര വാട്ടർ കണക്ഷൻ ഉണ്ട്?

ഉത്തരം

(എ-സി) കുടിവെള്ള വിതരണ പദ്ധതികളിൽ കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ച് എത്ര ജീവനക്കാർ വേണമെന്നതിനെപ്പറ്റി സി.പി.എച്ച്.ഇ.ഇ.ഒ. (സെൻട്രൽ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ നടപ്പിലാക്കിയിട്ടില്ല.

(ഡി) തിരുവനന്തപുരം പി.എച്ച്. ഡിവിഷനുകീഴിൽ പാളയം - 27987, പാറ്റൂർ - 30506, തിരുമല - 32141, കരമന - 35132, കര്യാത്തി - 39267, വണ്ടിത്തടം - 13144, കവടിയാർ - 21432, പേരൂർക്കട - 17624, പോങ്ങുംമൂട് - 30154 എന്നീ സെക്ഷനുകളിലായി ആകെ 247387 കണക്ഷനുകൾ ഉണ്ട്.

എഴമറ്റൂർ കുടിവെള്ള വിതരണ പദ്ധതി

210(2679) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുമറ്റൂർ കുടിവെള്ള വിതരണ പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly